പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :1693

11.02.2013 - ൽ
മറുപടിക്ക്

# നാളികേര ബയോപാർക്ക് പദ്ധതി

ചോദ്യം

മറുപടി

ശ്രീ.കെ. സുരേഷ് കുറുപ്പ്

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ)നാളികേര ബയോപാർക്ക് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; പാർക്കിനായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്; ഇപ്പോൾ പദ്ധതിയ്ക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; തന്നാണ്ടിലെ അടങ്കൽ തുക എത്ര;

(എ) നാളികേര ബയോപാർക്ക് പദ്ധതിയ്ക്ക് കൃഷി ഫാംസ് വകുപ്പിന്റെ 28/07/2012 തീയതിയിലെ സ:ഉ: (എം.എസ്)/187/2012/കൃഷി നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പാർക്കിനായി ഇതുവരെ സ്ഥലം അക്വയർ ചെയ്തിട്ടില്ല. ഇപ്പോൾ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിൽ ഇതിനകം എന്തു തുക ചെലവഴിച്ചു; ബയോപാർക്ക് പൂർണ്ണമായും എന്നു മുതൽ പ്രവർത്തനം ആരംഭിക്കും;

(സി) ബയോപാർക്ക് പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങളുടെ നിർമ്മാണം ടെൻഡർ ചെയ്യുകയുണ്ടായി; പണി പൂർത്തിയായവ എത്ര ശതമാനം ?

(ബി) & (സി) പദ്ധതിക്കായി ഇതിനകം തുക ചെലവഴിച്ചിട്ടില്ല. ബയോപാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം തീരുമാനിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ